# രാജ്യാന്തര സമ്മേളനം ഇന്നു മുതൽ

ചെന്നൈ● ഹൃദയരക്തധമനി ശസ്ത്രക്രിയാ രംഗത്തെ നവീന രീതികൾ ചർച്ച ചെയ്യുന്ന രാജ്യാന്തര എയോർട്ടിക് സമ്മേളനം ഇന്നു മുതൽ മിയോട്ട് ആശുപത്രിയിൽ നടക്കും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ഇരുനൂറോളം ഹൃദയ ശസ്ത്രക്രിയാ വിദഗ്ധർ രണ്ടു ദിവസമായി നടക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കും. ഇത് അഞ്ചാം തവണയാണു രാജ്യാന്തര എയോർട്ടിക് സമ്മേളനത്തിന് മിയോട്ട് ആതിഥ്യം വഹിക്കുന്നത്.

ഹൃദയത്തിലെ മഹാ രക്തധമനിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന ചികിൽസാ രംഗത്തെ പുതിയ മുന്നേറ്റങ്ങൾ, അത്യാധുനിക ഉപകരണങ്ങൾ തുടങ്ങിയവയെല്ലാം സമ്മേളനത്തിൽ പരിചയപ്പെടുത്തും.

ഹൃദയത്തിലെ മഹാ രക്തധമനിയിലുണ്ടാകുന്ന വീക്കം മതിയായ സമയത്തു ചികിൽസിച്ചില്ലെങ്കിൽ മരണത്തിലേക്കു നയിക്കാൻ സാധ്യതയുള്ളതാണ്. രാജ്യത്ത് ആറു മുതൽ ഏഴു ലക്ഷത്തോളം പേർ ഈ അസുഖം മൂലം ബുദ്ധിമുട്ടുന്നവരാണ്. എന്നാൽ രണ്ടായിരത്തിൽ താഴെ പേർക്കു മാത്രമേ ശസ്ത്രക്രിയ നടക്കുന്നുള്ളൂവെന്നു മിയോട്ട് ആശുപത്രി കാർഡിയോ തൊറാസിക് സർജറി ഡയറക്ടർ ഡോ. വി.വി. ബാഷി പറഞ്ഞു.

അമിത രക്തസമ്മർദമുള്ളവർക്കും പ്രമേഹമുള്ളവർക്കും ധമനിയിൽ വീക്കമുണ്ടാകാനുള്ള സാധ്യതയേറെയാണ്. പലപ്പോഴും വളരെ വൈകിയാണ് ഇതു കണ്ടെത്തുന്നത്. രക്തസമ്മർദവും പ്രമേഹവുമുള്ള പ്രായമുള്ളവർ പതിവായി അൾട്രാ സൗണ്ട് സ്ക്രീനിങ്, എക്സ്റേ എന്നിവ നടത്തി രോഗമുണ്ടോയെന്നു തിരിച്ചറിയാം.

രോഗത്തിന് എൻഡോവസ്കുലാർ ഗ്രാഫ്റ്റിങ്പോലുള്ള അത്യാധുനിക താക്കോൽദ്വാര ശസ്ത്രക്രിയ രീതികൾ ഇപ്പോഴുണ്ടെന്നും ബാഷി പറഞ്ഞു. മിയോട്ട് ആശുപത്രി എംഡി ഡോ. പി.വി.എ. മോഹൻദാസ്, ചെയർമാൻ മല്ലിക മോഹൻദാസ്, ഡോ. ശിവകുമാർ, ഡോ. കെ. മുരളി, ഡോ. വിജിത് ചെറിയാൻ തുടങ്ങിയവർ പങ്കെടുത്തു.